**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 425** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.ക്കായി പുതിയ ബസ്സുകൾ വാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യത്തിന് പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര, സംസ്ഥാനന്തര സർവ്വീസുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സംസ്ഥാനാന്തര സർവ്വീസുകളെ കാര്യമായി ബാധിക്കാത്ത രീതിയിൽ നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി സർവ്വീസുകൾ നടത്തിവരുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ പ്രധാന വരുമാന സ്രോതസ്സായ ദീർഘദൂര സർവ്വീസുകൾക്ക് പുതിയ ബസ്സുകൾ ലഭ്യമാക്കി സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആധുനിക ശ്രേണിയിലുള്ള 8 എ.സി. സ്ലീപ്പർ, 2 ഹൈബ്രിഡ് സീറ്റർ കം സ്ലീപ്പർ, 13 എ.സി. പ്രീമിയം സൂപ്പർ ഫാസ്റ്റ്, 20 എ.സി. സീറ്റർ, 88 സൂപ്പർ ഡീലക്സ്, 151 സൂപ്പർ ഫാസ്റ്റ് എന്നിങ്ങനെ ആകെ 282 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന 2022-2025 കാലയളവിൽ ലഭ്യമാക്കി ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ച് വരുന്നുണ്ട്.<br><br>കൂടാതെ പുതുതായി 532 ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സൂപ്പർ ഡീലക്സ്, മിന്നൽ ശ്രേണിയിൽപ്പെട്ട ബസ്സുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുയോജ്യമായ വിധത്തിൽ കുറഞ്ഞ ചെലവിൽ സമഗ്രമായി നവീകരിച്ച് (refurbished) പുതിയ സർവ്വീസുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ വാങ്ങി ഫ്ലീറ്റ് നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടന്നു വരുന്നു. |
| (ബി) | കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലേലം ചെയ്തു നൽകിയ പഴയ ബസ്സുകളുടെയും ഇതേ കാലയളവിൽ | (ബി) | കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ 2257 എണ്ണം ബസ്സുകൾ MSTC (Metal Scrap Trading Corporation Ltd.) മുഖേന ലേലം ചെയ്തിട്ടുണ്ട്. |

<table>
<tr>
<td></td>
<td>വാങ്ങിയ പുതിയ ബസ്സുകളുടെയും വിശദാംശം നൽകുമോ;</td>
<td></td>
<td>കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ 1537 എണ്ണം ബസ്സുകൾ പുതിയതായി വാങ്ങിയിട്ടുണ്ട്.<br><br>KSRTC-SWIFT-ൽ 165 ഇലക്ട്രിക് ബസുകളും 282 ഡീസൽ ബസുകളും ഉൾപ്പടെ ആകെ 447 പുതിയ ബസ്സുകൾ വാങ്ങി രജിസ്റ്റർ ചെയ്ത് സർവ്വീസ് നടത്തി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>കാലയളവ്</th><th>ഡീസൽ</th><th>ഇലക്ട്രിക്</th></tr>
<tr><td>2021-22</td><td>33</td><td>-</td></tr>
<tr><td>2022-23</td><td>109</td><td>50</td></tr>
<tr><td>2023-24</td><td>127</td><td>95</td></tr>
<tr><td>2024-25</td><td>13</td><td>20</td></tr>
<tr><td>ആകെ</td><td>282</td><td>165</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ദീർഘദൂര സർവ്വീസുകളുടെ ബ്രേക്ക് ഡൗൺ നിരക്ക് വർദ്ധിച്ച് വരുന്നത് ഒഴിവാക്കാൻ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?</td>
<td>(സി)</td>
<td>കെ.എസ്.ആർ.ടി.സി.യുടെ കഴിഞ്ഞ ആറ് മാസക്കാലയളവിലെ ബ്രേക്ക്ഡൗൺ നിരക്ക് പരിശോധിച്ചതിൽ ദീർഘദൂര സർവ്വീസുകൾക്ക് മാത്രമായി ബ്രേക്ക്ഡൗൺ നിരക്ക് വർദ്ധിച്ചതായി കാണുന്നില്ല. ടി കാലയളവിൽ (ആഗസ്റ്റ് 2024 മുതൽ ജനുവരി 2025 വരെ) 10,000 കിലോമീറ്ററിന് 0.34 എന്ന നിരക്കിലാണ് ബ്രേക്ക്ഡൗൺ സംഭവിച്ചിട്ടുള്ളത്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 532 വിവിധ ശ്രേണിയിലുള്ള ബസ്സുകൾ വാങ്ങുന്നതിലേയ്ക്ക് ഇ-ദർഘാസ് ക്ഷണിക്കുകയും 158 ബസ്സുകൾക്ക് വിതരണ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ടി ബസ്സുകൾ എല്ലാം മൂന്ന് മാസങ്ങൾക്കുള്ളിൽ നിരത്തിലിറക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. ബാക്കി 374 ബസുകൾ 2025-2026 പ്ലാൻ ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് വാങ്ങുന്നതാണ്.<br><br>കൂടാതെ പുതിയ 27 എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് നടപടികൾ സ്വീകരിച്ച് വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ